പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2388**
**08.03.2017 ലെ മറുപടിയ്ക്ക്**

**<u>സർക്കാർ മേഖലയിലെ ഇൻഷ്വറൻസ് പദ്ധതികൾ</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | സർക്കാർ മേഖലയിൽ നടത്തി വരുന്ന ഇൻഷ്വറൻസ് പദ്ധതികളെല്ലാം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങളുടേയും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ 1.10.2014 ലെ സ.ഉ.(അച്ചടി) നം. 428/2014/ധന പ്രകാരം സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പ് മുഖേന ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. |

| | | |
|---|---|---|
| **സി** | എങ്കിൽ അവ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന്മേൽ ഉചിതമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ